## പ്രകൃതിനിരീക്ഷണം

# പനങ്കൂളൻ



കേരളത്തിൽ മിക്കയിടത്തും കാണാവുന്ന ഒരു പക്ഷിയാണ് പനങ്കൂളൻ. തവിട്ടു നിറക്കാരി. പേരു സൂചിപ്പിക്കും പോലെ പനയുമായി അടുത്തിടപഴകുന്ന ഒരു പക്ഷിയാണിത്. കരിമ്പനയുള്ളിടത്താണ് ഇവയെ കൂടുതലായി കാണുക. ചെറുസംഘങ്ങളായി നമ്മുടെ നാട്ടു പരിസരങ്ങളിൽ പനങ്കൂളൻ എത്താറുണ്ട്. നാട്ടിൻപുറങ്ങളിൽ പനങ്കുരുവി എന്ന പേരിലും ഇവ അറിയപ്പെടുന്നു.

പനയുടെ ബന്ധുവാണെന്ന് പറഞ്ഞല്ലോ. മറ്റു പക്ഷികളെപ്പോലെ ബലമുള്ള കാലുകളല്ല. അതിനാൽ മരക്കൊമ്പിൽ ചെന്നിരിക്കാനാവില്ല. എവിടെയെങ്കിലും ഇരിക്കാമെന്ന് വിചാരിച്ചാൽ അതിന് കഴിയില്ല. ചെറിയ കാലുകൾ തന്നെ കാരണം. പനയോലയിലെ മടക്കുകളിൽ തൂങ്ങിക്കിടക്കാൻ എളുപ്പവുമാണ്. ഇതു തന്നെയാണ് ഇവ പനയെ ചുറ്റിപ്പറ്റി കഴിയാൻ കാരണം.

അങ്ങനെയാണെങ്കിലും വെറുതെ ഇരിക്കാറില്ല ഇവ. എപ്പോഴും പറന്ന് നടക്കും. ഇവയുടെ കൊക്കിനുമുണ്ട് പ്രത്യേകത. നമ്മുടെ ചുണ്ടുകൾ പോലെ പരന്നതും വീതിയുള്ളതുമാണ് കൊക്കുകൾ. കൊക്കിന് ചുറ്റുമായി ചില രോമങ്ങളും കാണാം. ഇങ്ങനെയുള്ള വായ കൊണ്ട് വലിയ ഉപകാരമുണ്ട്. പറന്നു കൊണ്ടിരിക്കുമ്പോൾ മുന്നിൽ കാണുന്ന പാറ്റകളെയും പ്രാണികളെയും എളുപ്പം അകത്താക്കാം.

പറന്നു നടക്കുന്ന പ്രാണികളാണ് ഇവയുടെ ആഹാരം. ഇടയ്ക്ക് മണ്ണിനോട് ചേർന്നും പറക്കുന്നത് കാണാം. ഒരു ഫോട്ടോ എടുക്കാനോ സൂക്ഷിച്ചു നോക്കാനോ ഒന്ന് ഇരുന്നു കിട്ടുക പ്രയാസമാണ്.



നീണ്ടു മെലിഞ്ഞ ഒരു പക്ഷിയാണ് പനങ്കൂളൻ. ഏകദേശം 10 – 13 സെന്റീമീറ്റർ നീളമുണ്ടാകും. Palm s wife എന്നാണ് ഇംഗ്ലീഷ് നാമം. Cypsiurus balasiensis എന്നാണ് ശാസ്ത്രീയനാമം.

വീതികുറഞ്ഞ ചിറകുകൾക്ക് നല്ല നീളമുണ്ടാകും. ചിറകുകൾ ചുരുക്കി വെക്കുകയാണ് ശീലം. ദേഹത്തിന്റെ അടിഭാഗം ഇളം തവിട്ടു നിറത്തിൽ കാണാം. ഉപരിഭാഗം കരിമ്പിച്ച തവിട്ടു നിറത്തിലുമാണ്.

ചീ... ചീ... ചീ... എന്ന രൂപത്തിലാണ് ശബ്ദം. ഫെബ്രുവരി മുതൽ ജൂൺ വരെയാണ് കൂടൊരുക്കൽ.

പനയോലകൾക്കിടയിലെ മടക്കുകളിലാണ് കൂട് കെട്ടുക. മിനുസമുള്ള തൂവലുകളും അപ്പൂപ്പൻ താടിയുമൊക്കെ പശ പോലുള്ള ഉമിനീരു കൊണ്ട് പറ്റിപ്പിടിപ്പിക്കുന്നു.

കൂട് കണ്ടാൽ ചെറിയ കപ്പ് പോലെ തോന്നും. കൂട്ടിൽ രണ്ടോ മൂന്നോ മുട്ടകളിടും. ഈ മുട്ടകളും ഉമിനീരുകൊണ്ട് കൂട്ടിൽ ഒട്ടിച്ചു വെക്കാറുണ്ട്.

പനയില്ലാത്ത സ്ഥലങ്ങളിൽ കവുങ്ങുകളാണ് ഇവയുടെ ആശ്രയം. നമ്മളറിയാതെ നമുക്ക് വലിയ ഉപകാരം ചെയ്യുന്ന പക്ഷിയാണ് പനങ്കൂളൻ. ദിനംപ്രതി എണ്ണമറ്റ കൊതുകുകളെയും ചെറുപ്രാണികളെയും തിന്നു തീർക്കുന്നു എന്നതാണ് ആ സഹായം.

▸▸ ലോകത്തിലെ ആദ്യത്തെ രാജ്ഞി എന്നറിയപ്പെടുന്നത്– ഹാപ്ഷെഷൂത്ത്